VOL-4

കുട്ടികളുടെ കുട്ടിക്കവിതകൾ





# കുറിപ്പെൻസിൽ

## കുഞ്ഞു മനസ്സിലെ വലിയ ഒച്ചകൾ

Published by

സെന്റ് ജോസഫ്സ് യു.പി സ്കൂൾ കല്ലോടി

പ്രിയമുള്ളവരെ,

കല്ലോടി സെന്റ് ജോസഫ്സ് യു പി സ്കൂളിലെ
വിദ്യാർത്ഥികൾ അവരുടെ മനസിലെ
കഥകളെയും കവിതകളെയും ലേഖനങ്ങളെയും
മറ്റ് രചനകളേയും നിങ്ങൾക്ക് മുൻപിലേക്ക്

# കുറ്റിപ്പെൻസിൽ

എന്ന ഓൺലൈൻ ബുക്കിലൂടെ
അവതരിപ്പിക്കുകയാണ്
ഏവരുടെയും പ്രോത്സാഹനം
അഭ്യർത്ഥിക്കുന്നു

# ഉൾത്താളുകളിൽ


മഴവില്ല്

മുല്ലമൊട്ട്

രാത്രി

പൂമഴ

പ്രാവ്

പ്രകൃതി

കുഞ്ഞിക്കിളി

മുള

ഒരു രൂപാന്തരം

മഴ വന്നേ

ഒത്തൊരുമയുടെ കേരളം

എന്റെ സന്തോഷം

വേഗമുറങ്ങു മക്കളേ

പാടവരമ്പത്ത്

എന്റെ ഗ്രാമം

കൂട്ടുകാരി

കുട്ടിക്കാലം

മഴയും കാറ്റും




# കുട്ടിക്കാലം

കവിത

ഇണക്കവും പിണക്കവും
കുസൃതിയും നിറഞ്ഞതാണെൻ കുട്ടിക്കാലം
അച്ഛനും അമ്മയും പറയും
കുട്ടിക്കാലം അതി സുന്ദരമത്രെ
ഇന്നതിൻ വില എനിക്കറിയില്ല
പക്ഷെ കുട്ടിക്കാലം കഴിയുമ്പോൾ
ഞാൻ അറിയുമതിൻ വില



അനൈഡ ജോബി (4A)

# എന്റെ ഗ്രാമം

കവിത

അങ്ങകലെയാണെന്റെ ഗ്രാമം
നാട്ടുവഴിയിലെ പച്ചപ്പും
അമ്പല പറമ്പിലെ ആൽമരവും
തുമ്പപ്പൂ പോലെ വെൺമയുള്ള
കൊച്ചു സുന്ദരമാണെന്റെ ഗ്രാമം
ഇന്നീ നഗരത്തിൻ നടുവിലും
എന്നുമെൻ ഓർമ്മയിൽ ഉണ്ടാവും
സുന്ദരമായ എന്റെ ഗ്രാമം.



അദ്വൈത് മനോജ് (4A)

# കുഞ്ഞികിളി

കവിത

എന്റെ മുറ്റത്തെ പനിനീരിൽ
തേൻ നുകരാൻ വന്നൊരു കുഞ്ഞാറ്റകിളീ....
നിൻറ കൂട്ടിൽ കുഞ്ഞിളം കുഞ്ഞുണ്ടോ...
അതിനൊരു കുഞ്ഞാറ്റ ചിറക് ഉണ്ടോ......
തേൻ നുകരാൻ നിന്നെ കാത്തിരിക്കുമോ....
നിന്നോമൽ ചിറകുകൾ എനിക്കു തന്നാൽ
പാറി പറന്നു ഞാൻ.....
നിന്നോമൽ കുഞ്ഞിനെ കൊണ്ടു വരാം...




മുഹമ്മദ് റിസാൻ.എം (4 B)

# മുള

കവിത

ഇന്നലെ നീയൊരു
പാഴ്മുകുളമായിരുന്നു
ഇന്ന് മുളങ്കൂട്ടമായ്..
തണലായ് ...തഴുകലായ്...
സൗഹൃദം പങ്കുവെക്കുന്നു
നിൻ പച്ചപ്പിൻ കുളിർമയിൽ
നിന്നിലണയാൻ പക്ഷികളെത്തുന്നു
ഇളം കാറ്റിനാൽ നാദമായി
നീയെന്നെ മാടി വിളിക്കുന്നു
മുളേ..നീയെനിക്കെത്ര പ്രിയപ്പെട്ടത്...

മിസ ആൻ എം ബിനോയി (7 A)

# പൂമഴ

കവിത

പൂമഴ മുറ്റത്ത് പെയ്തിടുമ്പോൾ
പൂത്തുമ്പിതുള്ളികളിച്ചിടുന്നു
കാർമുകിൽ മാനത്തുവന്നനേരം
അമ്പിളിമാനത്ത് ഒളിച്ചിടുന്നു
മഴത്തുള്ളിമുറ്റത്ത് വീണിടുമ്പോൾ
പടിയിൽനിന്നെൻ കൈനീട്ടി
അതിൽ ഒരു തുള്ളി എടുത്തു ഞാൻ
എന്നെ നോക്കി ചിരി തൂകി...



ജെ. ജയ്ശ്രേയ (1A)

# മുല്ലമൊട്ട്

കവിത

ഞാൻ നട്ടു നനച്ച് ഒരു മുല്ലവള്ളി

പൂത്തു വിരിഞ്ഞ തിൽ മുല്ലമൊട്ട്

കാറ്റിൻ കൈകളിൽ തട്ടി വിരിഞ്ഞു മൊട്ട്

ആകെ നറുമണം തന്നു മുല്ല

വന്നു കിളികൾ പലതും അതിൽ

തേൻ നുകർന്നു നല്ല പാട്ടുപാടി

നേരം പുലർന്നു ഞാൻ നോക്കും നേരം

അമ്മ പൂവുകൾ കൊണ്ടൊരു മാല തീർത്തു

മുഹമ്മദ് സിയാൻ (1A)

# രാത്രി

കവിത

ചുവന്ന സുന്ദരി പോയപ്പോൾ ആ കറുത്ത സുന്ദരി വന്നു...
മരങ്ങളും ചെടികളും സുഖനിദ്രയിൽ ആണ്ടുപോയിരുന്നു...
ദൂരേ അവൾ എല്ലാറ്റിനെയും മറച്ചുകൊണ്ട്.....
അവളുടെ കറുത്ത മുഖത്ത് വെളുത്ത തുള്ളികൾ പടർന്നു...
വലിയ വെളുത്ത വൃത്തം അവൾക്ക് നിലാവ് നൽകി...
എന്നാലും...
നിൻ സൗന്ദര്യം ആര് അറിയുന്നുവോ...
അവർ അത് ഹൃദയത്തിൽ ചേർത്ത് വെക്കുന്നു...

ആമിന ഹാദി (1 A)

# മഴവില്ല്

കവിത

വാർമഴവില്ലെ  മഴവില്ലേ
അഴകിൻ തേനല്ലേ
കാണാൻ എന്തുരസം നിന്നെ
മാനത്തിരിക്കും സുന്ദരി നീ
വിണ്ണിലേക്കൊന്നിറങ്ങി വരുമോ?
എന്നെ നിന്നുടെ മടിയിലിരുത്താമോ?
ഏഴഴകിൻ റാണിയല്ലേ നീ
ഒരിക്കലും മായല്ലേ മഴവില്ലേ.

അധീന ജിനീഷ് (4 A)

# ഒരു രൂപാന്തരം

കവിത

മണ്ണിൽ തിമിർത്തു കളിക്കാൻ
അന്നൊരു കൊച്ചുഗ്രൗണ്ടുണ്ടായിരുന്നു.
മടുത്തോടിയെത്തുമ്പോൾ
അമ്മതൻ സ്നേഹച്ചൂടുള്ള കൊഴുക്കട്ടയും...
പണത്തിന്റെ മേന്മയിൽ ഇന്നതൊക്കെ
രൂപാന്തരം പ്രാപിച്ചിരിക്കുന്നു.
ഗ്രൗണ്ടിന് പകരം ടെറസും,
സ്വിഗ്ഗി വഴി വീട്ടിലെത്തുന്ന കൊഴുക്കട്ടയും...



അമയ റീത്ത ഷിബു (7A)

# ഒത്തൊരുമയോടെ കേരളം

കവിത

മഴ മഴ മഴ മഴ പെരുമഴ
തുള്ളിച്ചാടും പെരുമഴ മഴ,
ഇടിയും മിന്നലും വന്നീടും,
കാറ്റും പ്രളയവും വന്നീടും,
കേരളജനത ഒന്നായി,
പ്രതിസന്ധികളെ നേരിടും,
കേരളമെന്നാൽ ഒന്നാണ്,
ക്രിസ്ത്യനും ഹിന്ദുവും മുസ്ലീമും,
ഒന്നാണിവിടെ ഒന്നാണ്.



ആൽബിൻ സജി (6D)

# പാടവരമ്പത്ത്

കവിത

എത്ര സുന്ദരമീ വയൽ കാഴ്ചകൾ
ധാന്യമണികളും ചെറുപ്രാണികളും
കൊത്തിത്തിന്നും ചെറു പക്ഷികളും
പാറിനടക്കും തുമ്പികളും പൂമ്പാറ്റകളും
എന്നെ തഴുകും മന്ദമാരുതനും
പല പല ഔഷധസസ്യങ്ങളും
ചെറു തോട്ടിലൂടെ നീന്തിത്തുടിക്കും
പരൽമീനുകളും
എത്ര മനോഹരമീ കാഴ്ചകൾ

അഭിനവ് ഫിലിപ്പ് (4A)

# മഴ വന്നേ...

കവിത

മഴ വന്നേ.... മഴ വന്നേ
മാനത്തു നിന്നൊരു മഴ വന്നേ
കുട്ടികൾ ചാടിക്കളിക്കുന്നേ,
പൂക്കൾ ആടി രസിക്കുന്നേ,
തവളകൾ പാടി നടക്കുന്നേ,
തോടുകൾ ഒഴുകി ചേരുന്നേ,
പുഴകൾ ഒഴുകി പോകുന്നേ,
മഴ വന്നേ..... വന്നേ.......
ആകെ ഉണർത്താൻ മഴ വന്നേ,
മഴയേ..... നീ പ്രളയമായി വന്നുലയ്ക്കരുതേ.....





യദു കെ എ (3A)

# വേഗമുറങ്ങു മകളേ....

കവിത

വേഗമുറങ്ങൂ മകളേ.......
കാലം ദൂരെ ദൂരെ മറയുന്നു...
പുഞ്ചിരി തൂകുമാ കൊച്ചു പൂക്കൾ
വേഗം വേഗം മയങ്ങുന്നു....
കാട്ടിലെ കൊമ്പനും നാട്ടിലെ കിളികളും
വേഗം വേഗം ഉറങ്ങുന്നു....
കതിരുകൾ കാറ്റിലുലഞ്ഞിരുന്ന
വയലുകളെല്ലാം ഉറങ്ങുന്നു.....
വേഗമുറങ്ങു മകളേ...
കാലം ദൂരെ ദൂരെ മറയുന്നു........

ശ്രീനന്ദ സന്തോഷ് (4A)

# മഴയും കാറ്റും

കവിത

കാറ്റു വന്നല്ലോ
ആഹാ കാറ്റു വന്നല്ലോ
തണുത്ത കാറ്റു വന്നല്ലോ
കരിയിലയെല്ലാം തുരു തുരു
തുരു തുരാ പാറി വന്നല്ലോ
ആഹാ പാറിവന്നല്ലോ
ആകാശത്തൊന്നു നോക്കു
കൂട്ടുകാരെ നിങ്ങൾ ആകാശത്തൊന്നു നോക്കു
നീലാകാശം പൊയ്... പൊയ്... പൊയ്.....
കറുകറുത്തൊരാകാശം
വന്നേ... വന്നേ... വന്നേ...
ഒന്നേ, രണ്ടേ, മൂന്നേ, നാലു
അഞ്ചു, ആറു ഏഴ്, എട്ട്, ഒൻപത്, പത്ത്
തുള്ളി വീണല്ലോ
വെള്ളത്തുള്ളി വീണല്ലോ !
ആഹാ എന്തു രസം !
കുട ചൂടാനെന്തു രസം !
മഴയിൽ ചാടാൻ
എന്തു രസം !
കൂട്ടുകാരെ വായോ......
മഴയിൽ നനയാൻ വായോ...



റിസ്വ ഉബൈബെസ് (3A)

# പ്രാവ്...

കവിത

പൊന്നുണ്ണി നമുക്ക് ഇനിയും ജനിക്കണം
മനുഷ്യനാകണം, പൈതലാകണം
ഇന്നത്തെ ലോകത്തെ നല്ലതായി മാറ്റണം
സർപ്പവിവേകമാർജ്ജിക്കണം
പ്രാവുപോൽ കളങ്കമുള്ളതായിടേണം
നഗരത്തിൽ കാപട്യമകന്നിടണം
ഗ്രാമത്തിൽ ശുദ്ധത നിറക്കണം...
മനസ്സിൽ ഈശ്വരനെ ഓർത്തിടണം
എന്നാൽ ഇനി നിറയില്ല കൺകളൊന്നും

ജയപ്രിയ (3 B)

# പ്രകൃതി

കവിത

പ്രകൃതിയാം അമ്മയെ വണങ്ങീടുക നമ്മൾ...
ചൂഷണം ചെയ്തിടാതെ...
ഈ ശ്രേഷ്ഠമാം ശക്തിയെ വന്ദിച്ചീടുക നമ്മൾ...
ഈ ശാന്തസുരഭിലമാം അമ്മയുടെ ലാളനകൾ
ഏറ്റുവാങ്ങീടാം കൂട്ടരെ...
വരും തലമുറക്കായി കാത്തുസൂക്ഷിച്ചിടാം അമ്മയെ...
നല്ലൊരു പുലരിയെ വാർത്തെടുക്കാം...

ദിയ കൃഷ്ണ്ണ (3 B)




കുറിപ്പെൻസിൽ

ചെറു മനസ്സിലെ വലിയ ഒച്ചകൾ

An online publication

Designed by :Jishin MJ (sjups kallody)